"ഭരണഭാഷ - മാതൃഭാഷ"

നമ്പർ:F4-32801/16

<u>വളരെ അടിയന്തിരം</u>

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ്ഭവൻ,
തിരുവനന്തപുരം -695 033.
തീയതി: 17.03.2017.
Email: swdkerala@gmail.com
Phone: 0471- 2306040.

സാമൂഹ്യനീതി ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.

സർ,

വിഷയം: സാമൂഹ്യനീതി വകുപ്പ് - മിശ്ര വിവാഹിതർക്ക് ധനസഹായ കുടിശ്ശിക നൽകുന്നത് - അപേക്ഷകരുടെ പേര് വിവരം, ബാങ്ക് അക്കൗണ്ട് വിവരം എന്നിവ നൽകേണ്ടത് - സംബന്ധിച്ച്.

സൂചന: സർക്കാർ ഉത്തരവ് (സാധാ) നം. 126/2017 സാമൂഹ്യനീതി(സി) വകുപ്പ്, തീയതി: 09.03.2017.

സൂചന ഉത്തരവിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മിശ്ര വിവാഹിതർക്കു കുടിശ്ശികയായിട്ടുള്ള ധനസഹായം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി 2016-17 സാമ്പത്തിക വർഷം മാർച്ച് 15 വരെ (15.03.2017 വരെ) ലഭ്യമായ അപേക്ഷകളിൽ അർഹമായവരുടെ വിശദാംശം ഇതോടൊപ്പം <u>ഉള്ളടക്കം</u> ചെയ്തിട്ടുള്ള പ്രൊഫോർമയിൽ രേഖപ്പെടുത്തി 20.03.2017 നകം ഈ കാര്യാലയത്തിൽ ലഭിക്കത്തക്കവണ്ണം നൽകേണ്ടതാണെന്ന് അറിയിക്കുന്നു. കുടിശ്ശിക തുക അനുവദിക്കുന്നതിന് വേണ്ടിയുള്ള പ്രൊഫോർമ തയ്യാറാക്കുമ്പോൾ വർഷം തിരിച്ച് അപേക്ഷ തീയതി സീനിയോറിറ്റിയായി കണക്കാക്കി മുൻഗണനാക്രമത്തിൽ മാത്രമേ വിവരങ്ങൾ തയ്യാറാക്കി നൽകുവാൻ പാടുള്ളൂ. യാതൊരു കാരണവശാലും സീനിയോറിറ്റി മറികടന്ന് വിവരങ്ങൾ തയ്യാറാക്കി നൽകുവാൻ പാടില്ലാത്തതാണ്. അപ്രകാരം ഏതെങ്കിലും തരത്തിലുള്ള പരാതികൾ ജില്ലകളിൽ നിന്നും ലഭ്യമാകുന്നപക്ഷം ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാരിൽ നിക്ഷിപ്തമായിരിക്കും.

സമയനിഷ്ഠ കർശനമായി പാലിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

**സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി**

PI.

# <u>പ്രൊഫോർമ</u>

**ജില്ല** : ............................

**സാമ്പത്തിക വർഷം** : ................................

| ക്രമ നം. | മിശ്രവിവാഹിതരായ ദമ്പതിമാരുടെ പേരും മേൽവിലാസവും | അപേക്ഷാതീയതി | ദമ്പതികൾ താമസിക്കുന്ന പരിധിയിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് | | | അപേക്ഷക/ അപേക്ഷകന്റെ ബാങ്ക് അക്കൗണ്ട് നമ്പർ, ബ്രാഞ്ചിന്റെയും ബാങ്കിന്റെയും പേര്, IFS Code | അനുവദനീയമായ തുക |
|---|---|---|---|---|---|---|---|
| | | | ബ്ലോക്ക് | മുനിസിപ്പാലിറ്റി | കോർപ്പറേഷൻ | | |
| | | | | | | | |

**ജില്ലാ സാമൂഹ്യനീതി ഓഫീസർ**

PI